**പതിമൂന്നാം കേരള നിയമസഭ**
ഒൻപതാം സമ്മേളനം

**ഇന്ദിരാ ആവാസ് യോജനയിലൂടെ നൽകുന്ന വീടുകൾ**

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 4515

28.06.2013 ൽ മറുപടി നൽകേണ്ടിയിരുന്നത്

| ചോദ്യം. | | ഉത്തരം | |
|---|---|---|---|
| ശ്രീ.എളമരം കരീം<br>" സി.കൃഷ്ണൻ<br>" കെ.വി.വിജയദാസ്<br>" എസ്.രാജേന്ദ്രൻ | | ശ്രീ.കെ.സി.ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പു മന്ത്രി) | |
| (എ) | ഇന്ദിരാ ആവാസ് യോജനയിലൂടെ വിവിധ വിഭാഗങ്ങൾക്ക് നൽകുന്ന വീടുകളുടെ എണ്ണം സംബന്ധിച്ച മാനദണ്ഡങ്ങളിൽ കേന്ദ്ര സർക്കാർ മാറ്റം വരുത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) | കേന്ദ്ര സർക്കാർ നിശ്ചയിച്ച ഭേദഗതികൾ സംബന്ധിച്ചു വിശദമായ പരിശോധന ആവശ്യമായതിനാൽ നിലവിലുള്ള മാനദണ്ഡങ്ങൾ താൽക്കാലികമായി തുടരാനാണ് നിർദ്ദേശം നൽകിയിട്ടുള്ളത്. വിശദവിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) | ബ്ലോക്ക് പഞ്ചായത്തുകൾ ഗുണഭോക്താക്കളെ കണ്ടെത്തി കരാർ ഒപ്പുവെച്ച് പണി തുടങ്ങിയ ശേഷമാണ് കേന്ദ്രസർക്കാർ മാനദണ്ഡങ്ങളിൽ വരുത്തിയ മാറ്റം അറിയിച്ചതെന്നകാര്യം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; ഇതുമൂലം വിവിധ ബ്ലോക്ക് പഞ്ചായത്തുകൾ അഭിമുഖീകരിക്കുന്ന പ്രതിസന്ധി തരണം ചെയ്യാൻ നടപടി സ്വീകരിക്കുമോ; | (ബി) | ചില ബ്ലോക്ക്പഞ്ചായത്തുകളിൽ പദ്ധതി നടത്തിപ്പിനോടനുബന്ധിച്ച് ഐ.എ.വൈ. പദ്ധതിക്കായി നീക്കിവയ്ക്കേണ്ട തുകയ്ക്കുള്ള പ്രോജക്ടുകൾക്ക് അംഗീകാരം നേടേണ്ടതിനായി മുൻ വർഷം നൽകിയ ഭൗതിക ലക്ഷ്യത്തിന്റെ അടിസ്ഥാനത്തിൽ ഗുണഭോക്താക്കളെ കണ്ടെത്തി കരാർവച്ച് പണി തുടങ്ങിയ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) | 2013-14 ലേക്ക് മുന്നോട്ടുവച്ച ഭൗതിക ലക്ഷ്യം നേടാൻ മാനദണ്ഡങ്ങളിൽ വരുത്തിയ മാറ്റം തടസ്സമാകുമോ; വിശദമാക്കാമോ; | (സി) | 2013-14 ലെ ഭൗതിക ലക്ഷ്യം നേടാനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു |

സെക്ഷൻ ഓഫീസർ

## അനുബന്ധം

2010-11 ൽ പട്ടികവർഗ്ഗം, പട്ടികജാതി. ജനറൽ എന്നീ വിഭാഗം ഗുണഭോക്താക്കൾക്ക് ഐ.എ.വൈ. വീടു നിർമ്മാണത്തിനായി യഥാക്രമം 1.50 ലക്ഷം രൂപ, 1 ലക്ഷം രൂപ, 75000 രൂപ നിരക്കിലുള്ള യൂണിറ്റ് കോസ്റ്റുതുകയാണ് നൽകിയിരുന്നത്. ഇതിൽ 48,500 രൂപ (കേന്ദ്രവിഹിതം 36375 രൂപ, സംസ്ഥാനവിഹിതം 12125 രൂപ) കേന്ദ്രസർക്കാർ നിശ്ചയിച്ച യൂണിറ്റ് കോസ്റ്റ് തുകയാണ്. സംസ്ഥാന സർക്കാർ 15.09.2011 മുതൽ ഐ.എ.വൈ. വീടുകൾക്കു നിശ്ചയിച്ച യൂണിറ്റ് കോസ്റ്റ് ഉയർത്തി. ഇതുപ്രകാരം പട്ടികവർഗ്ഗം, പട്ടികജാതി. ജനറൽ എന്നീ വിഭാഗങ്ങൾക്ക് യഥാക്രമം 2.50 ലക്ഷം രൂപ, 2 ലക്ഷം രൂപ, 2 ലക്ഷം രൂപ എന്നീ നിരക്കിൽ ഓരോ വീടിനും സഹായം നൽകാൻ തീരുമാനിച്ചു. കേന്ദ്രസർക്കാർ നിശ്ചയിച്ച യൂണിറ്റ് കോസ്റ്റ് തുകയായ 48,500 രൂപയ്ക്ക് പുറമേയുള്ള തുക സംസ്ഥാന സർക്കാരും, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും താഴെ പറയും പ്രകാരം വഹിക്കുന്നതാണ്.

| വർഷം : 2011-12 & 2012-13 *(തുക രൂപയിൽ)* | | | | | | | | |
|---|---|---|---|---|---|---|---|---|
| വിഭാഗം | കേന്ദ്രസർക്കാർ നിശ്ചയിച്ച യൂണിറ്റ് കോസ്റ്റ് | | | ഗ്രാമപഞ്ചായത്ത് വിഹിതം | ബ്ലോക്ക് പഞ്ചായത്ത് വിഹിതം | ജില്ലാ പഞ്ചായത്ത് വിഹിതം | സംസ്ഥാന സർക്കാർ നൽകുന്ന അധിക വിഹിതം | ആകെ (സംസ്ഥാന സർക്കാർ നിശ്ചയിച്ച യൂണിറ്റ് കോസ്റ്റ്) |
| | കേന്ദ്ര വിഹിതം | സംസ്ഥാന വിഹിതം | ആകെ | | | | | |
| പട്ടികവർഗ്ഗം | 36375 | 12125 | 48500 | 31625 | 63250 | 31625 | 75000 | 250000 |
| പട്ടികജാതി | 36375 | 12125 | 48500 | 19125 | 38250 | 19125 | 75000 | 200000 |
| ജനറൽ | 36375 | 12125 | 48500 | 19125 | 38250 | 19125 | 75000 | 200000 |
| വർഷം : 2013-14 *(തുക രൂപയിൽ)* | | | | | | | | |
| പട്ടികവർഗ്ഗം | 52500 | 17500 | 70000 | 32500 | 65000 | 32500 | 50000 | 250000 |
| പട്ടികജാതി | 52500 | 17500 | 70000 | 20000 | 40000 | 20000 | 50000 | 200000 |
| ജനറൽ | 52500 | 17500 | 70000 | 20000 | 40000 | 20000 | 50000 | 200000 |

ഭവനരഹിതരായവർ ഏറ്റവും കൂടുതലുള്ളത് പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിലായതിനാലും നാളിതുവരെയുള്ള കേന്ദ്രസർക്കാർ മാനദണ്ഡപ്രകാരം 60% വീടുകൾ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിലുള്ളവർക്കു നീക്കിവച്ചതിനാലും 2013-14 ലെ ഐ.എ.വൈ. വീടുകൾ താഴെ പറയും പ്രകാരം വീതിച്ചു നൽകുവാൻ നിർദ്ദേശം നൽകി.

| | | |
|---|---|---|
| പട്ടികജാതി/പട്ടികവർഗ്ഗം | 60% | 27443 എണ്ണം |
| മൈനോറിറ്റി | 15% | 6860 എണ്ണം |
| മറ്റുവിഭാഗം | 25% | 11435 എണ്ണം |
| **ആകെ** | | **45738 എണ്ണം** |